പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3582 08.11.2019-ലെ മറുപടിക്ക്

## ദീർഘദൂര റൂട്ടുകളിലെ ഫാസ്റ്റ് പാസഞ്ചർ സർവ്വീസുകൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എം.ഉമ്മർ<br>" മഞ്ഞളാംകുഴി അലി<br>" പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | ശ്രീ. എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
| --- | --- | --- | --- |
| (എ) | ദീർഘദൂര റൂട്ടുകളിലെ കെ.എസ്.ആർ.ടി.സി. ഫാസ്റ്റ് പാസഞ്ചർ സർവ്വീസുകൾ നിർത്തലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) | ഇല്ല. കൃത്യമായ സമയക്രമവും ഇടവേളയും നിശ്ചയിച്ച് യാത്രക്കാർക്ക് കൂടുതൽ മെച്ചപ്പെട്ട യാത്രാസൗകര്യം ഒരുക്കുന്നതിനാണ് തിരുവനന്തപുരം മുതൽ തൃശ്ശൂർ വരെയുള്ള ദേശസാൽകൃത റൂട്ടിൽ കെ.എസ്.ആർ.ടി.സി സൂപ്പർഫാസ്റ്റ് ചെയിൻ സർവ്വീസ് 06.05.2019 തീയതി മുതൽ ആരംഭിച്ചിട്ടുള്ളത്. കൂടാതെ തിരുവനന്തപുരം-കോട്ടയം, തിരുവനന്തപുരം-എറണാകുളം എന്നീ റൂട്ടുകളിൽ ഫാസ്റ്റ് പാസഞ്ചർ ബസ്സുകളുപയോഗിച്ചും ചെയിൻ സർവ്വീസുകൾ 04.8.2019 മുതൽ ആരംഭിച്ചിട്ടുണ്ട്. ദീർഘദൂര യാത്രക്കാർക്ക് കൂടുതൽ പ്രയോജനകരമാകുന്ന രീതിയിലാണ് ടി സർവ്വീസുകൾ പുന:ക്രമീകരിച്ചിട്ടുള്ളത്. |
| (ബി) | ഇങ്ങനെ ക്രമീകരിക്കുന്നതുമൂലം കെ.എസ്.ആർ.ടി.സി. യ്ക്ക് ഉണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണ്; | (ബി) | കൃത്യമായ സമയക്രമവും ഇടവേളകളും നിശ്ചയിച്ചത് മൂലം യാത്രക്കാർക്ക് മെച്ചപ്പെട്ട യാത്രാസൗകര്യം ഒരുക്കുന്നതിനും ടി സർവ്വീസുകൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും മെച്ചപ്പെട്ട വരുമാനം ഉറപ്പ് വരുത്തുന്നതിനും കെ.എസ്.ആർ.ടി.സി. യ്ക്ക് കഴിഞ്ഞിട്ടുണ്ട്. |
| (സി) | കുറഞ്ഞ ചെലവിൽ ദീർഘദൂരയാത്രയ്ക്കുള്ള അവസരം നഷ്ടപ്പെടുത്തുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ